# കേരള സർവകലാശാല

നം. പി.ആർ.049/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സർട്ടിഫിക്കറ്റ് ഇൻ യോഗ & മെഡിറ്റേഷൻ പരീക്ഷ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ & മെഡിറ്റേഷൻ (മോർണിംഗ് ആന്റ് ഈവനിംഗ് ബാച്ച്) കോഴ്സിന്റെ പരീക്ഷകൾ മാർച്ച് 22, 23, 24 തീയതികളിൽ പി.എം.ജി-യിലുള്ള സി.എ.സി.ഇ.ഇ ഓഫീസിൽ വെച്ച് നടക്കുന്നതാണ്. പരീക്ഷാഫീസ് 570/-രൂപ. പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 13 (50 രൂപ പിഴയോടെ മാർച്ച് 15, 250 രൂപ പിഴയോടെ മാർച്ച് 17) വരെ അപേക്ഷിക്കാം.വിശദ വിവരങ്ങൾക്ക് ഫോൺ : 0471-2302523.

### ത്രിദിന ദേശീയ സെമിനാർ

കേരള സർവകലാശാല ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ മാർച്ച് എട്ട്, ഒമ്പത്, പത്ത് തീയതികളിൽ 'ഓറിയന്റോളജി, ഇൻഡോളജി, മാനുസ്ക്രിപ്റ്റോളജി' എന്ന വിഷയത്തിൽ ലൈബ്രറി സെമിനാർ ഹാളിൽ നടത്തുന്ന ത്രിദിന ദേശീയ സെമിനാർ കേരള ഹെറിറ്റേജ് മ്യൂസിയം ഡയറക്ടർ ഡോ.എസ്.റെയ്മൺ ഉദ്ഘാടനം ചെയ്യും.

### മൂല്യനിർണ്ണയം: അദ്ധ്യാപകർ ഹാജരാകണം

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് - ബി.എ/ബി.എസ്സി/ബി.കോം കരിയർ റിലേറ്റഡ് കോഴ്സുകളുടെ ഉത്തര കടലാസിന്റെ മൂല്യനിർണ്ണയം താഴെ പറയുന്ന തിയതികളിൽ നടത്തുന്നതാണ്. മാർച്ച് എട്ട് - ബി.എ (ചീഫ് വാല്യുവേഷൻ), മാർച്ച് ഒമ്പത് - ബി.എ (അഡീഷനൽ വാല്യുവേഷൻ), മാർച്ച് 13 ബി.എസ്സി/ബി.കോം/ കരിയർ റിലേറ്റഡ്/ ഓപ്പൺ കോഴ്സ് (ചീഫ് വാല്യുവേഷൻ), മാർച്ച് 14 ബി.എസ്സി/ബി.കോം/ കരിയർ റിലേറ്റഡ്/ ഓപ്പൺ കോഴ്സ് (അഡീഷനൽ വാല്യുവേഷൻ). മൂല്യനിർണ്ണയത്തിന് നിയോഗിക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകർ അതാത് ക്യാമ്പുകളിൽ ഹാജരാകേണ്ടതാണ്.

### ദേശീയ സെമിനാർ

കേരള സർവകലാശാല പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് ഏഴ്, എട്ട് തീയതികളിൽ 'കോസ്റ്റൽ സെക്യൂരിറ്റി ഓഫ് ഇന്ത്യ: ചലഞ്ചസ് ആന്റ് പോളിസി ഒപ്ഷൻസ്' എന്ന വിഷയത്തിൽ പഠനവകുപ്പിന്റെ സെമിനാർ ഹാളിൽ നടത്തുന്ന ദ്വിദിന ദേശീയ സെമിനാർ എ.ഡി.ജി.പി. ഡോ.ബി. സന്ധ്യ ഐ.പി.എസ് ഉദ്ഘാടനം ചെയ്യും.

### പ്രീ പ്രാക്ടിക്കൽ ബോർഡ് മീറ്റിങ്: അദ്ധ്യാപകർ പങ്കെടുക്കണം

മൂന്നാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ് പരീക്ഷയുടെ പ്രായോഗിക പരീക്ഷക്ക് മുമ്പായി നടക്കുന്ന പ്രീ പ്രാക്ടിക്കൽ ബോർഡ് മീറ്റിങ് മാർച്ച്

ഒമ്പതിന് 11 മണിക്ക് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിച്ച അദ്ധ്യാപകർ നിർബന്ധമായും മീറ്റിങ്ങിൽ പങ്കെടുക്കണം.

തിരുവനന്തപുരം.
06.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**